**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - ആധുനിക അറവുശാല സ്ഥാപിക്കുന്നതിന് 75 സെന്റ് സ്ഥലം വാങ്ങുന്നതിന് മലപ്പുറം നഗരസഭയ്ക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ(സാധാ) നം.59/17/ത.സ്വ.ഭ.വ　　　　　　തിരുവനന്തപുരം, തീയതി, 09.01.2017.

പരാമർശം :- 1) 22/01/1998 - ലെ സ.ഉ.(പി) നം.18/98/എൽ.എ.ഡി നമ്പർ ഉത്തരവ്.
2) മലപ്പുറം നഗരസഭാ ഭരണസമിതിയുടെ 29.08.2016 -ലെ 10-ാം നമ്പർ തീരുമാനം.
3) മലപ്പുറം നഗരസഭാ ചെയർപേഴ്സണിന്റെ 09.11.2016-ലെ H-6927/09 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മലപ്പുറം നഗരസഭയിൽ ആധുനിക അറവുശാല സ്ഥാപിക്കുന്നതിന് 75 സെന്റ് (30.53 ആർ) സ്ഥലം വാങ്ങുന്നതിന് സർക്കാരിന്റെ അനുമതി ലഭ്യമാക്കുന്നതിന് മലപ്പുറം നഗരസഭാ പരാമർശം (2) പ്രകാരം തീരുമാനിക്കുകയും. പരാമർശം (3) പ്രകാരം സർക്കാരിലേയ്ക്ക് അപേക്ഷിക്കുകയുമുണ്ടായി.

2) ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. മലപ്പുറം മേൽമുറി വില്ലേജിൽ ബ്ലോക്ക് നമ്പർ ക്യൂ 02 റീസർവ്വെ നമ്പർ 1065 ൽപെട്ട 75 സെന്റ് (30.53 ആറ്) സ്ഥലം ഏറ്റെടുക്കുന്നതിന് താഴെ പറയുന്ന നിബന്ധനകളോടെ അനുമതി നല്കി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1) അനുമതി പ്രകാരം സ്വായത്തമാക്കുന്ന ഭൂമി 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം അനുശാസിക്കുന്ന പ്രകാരം ഉടമസ്ഥതയിൽ വരുത്തേണ്ടതാണ്.
2) പ്രസ്തുത ഭൂമി ആധുനിക അറവുശാല നിർമ്മിക്കുന്നതിന് വേണ്ടി മാത്രം വിനിയോഗിക്കേണ്ടതാണ്.
3) പ്രസ്തുത സ്ഥലമെടുപ്പിന് വേണ്ടി വരുന്ന തുക ജില്ലാ കളക്ടർ നിർണ്ണയിക്കേണ്ടതും നിലവിലുള്ള നിയമപ്രകാരം സ്ഥലം വാങ്ങേണ്ടതുമാണ്.
4) നടപ്പ സാമ്പത്തിക വർഷത്തിലോ അടുത്ത സാമ്പത്തിക വർഷത്തിനുള്ളിലോ അറവു ശാലയുടെ പണി പൂർത്തീകരിച്ച് വിവരം നഗരകാര്യ ഡയറക്ടറേറ്റിൽ അറിയിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ. വിശ്രുതൻ ആചാരി
ഡെപ്യൂട്ടി സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചെയർപേഴ്സൺ, മലപ്പുറം നഗരസഭ.
ജില്ലാ കളക്ടർ, മലപ്പുറം
സെക്രട്ടറി, മലപ്പുറം നഗരസഭ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-എൽ.ബി.എ & എ), തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ